**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 580** **17-09-2025 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി നിരക്കുകളിലെ പരിഷ്കാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. നിരക്കിലെ പരിഷ്കാരം സംസ്ഥാന സമ്പദ്ഘടനയിൽ പ്രതിവർഷം എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടാക്കുമെന്നാണ് ധനവകുപ്പ് വിലയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ; | (എ) | പ്രാഥമിക വിലയിരുത്തൽ നടത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പുതിയ ജി.എസ്.ടി. നിരക്കുകൾ നിലവിൽ വരുമ്പോൾ സംസ്ഥാനത്തിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കിലെടുത്ത് പതിനാറാം ധനകാര്യ കമ്മീഷന് 2025 സെപ്റ്റംബർ മാസത്തിൽ ഒരു സപ്ലിമെന്ററി മെമ്മോറാണ്ടം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് 2018-19, 2019-20 വർഷങ്ങളിലെ ഇ-വേ ബിൽ ഡാറ്റാ പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് പ്രതിവർഷം 6,300 കോടി രൂപ ചരക്കിനത്തിൽ മാത്രം വരുമാന നഷ്ടം ഉണ്ടായേക്കാമെന്നാണ് എസ്റ്റിമേറ്റ് ചെയ്തിരിക്കുന്നത്. GIFT-ന്റെ പുതുക്കിയ കണക്കുകൾ പ്രകാരം മൊത്തം റവന്യൂ നഷ്ടം 8,000-9,000 കോടി രൂപയാകാൻ സാധ്യതയുണ്ടെന്നാണ് അനുമാനിക്കുന്നത്. നികുതി നിരക്കിലെ മാറ്റം മൂലമുണ്ടാകുന്ന വരുമാന നഷ്ടം, പൂർണ്ണമായും വിപണിയിലെ ഡിമാന്റിൽ സംഭവിക്കാവുന്ന വർദ്ധനവിലൂടെ നികത്തപ്പെടുമെന്ന് ഉറപ്പിച്ച് പറയാനാവില്ല. ആയതിനാൽ കൃത്യമായ നഷ്ടം മുൻകൂട്ടി കണക്ക് കൂട്ടുവാൻ പ്രായോഗിക ബുദ്ധിമുട്ട് ഉണ്ട്. |
| (ബി) | ജി.എസ്.ടി. നടപ്പാക്കിയപ്പോഴുള്ള സംസ്ഥാനങ്ങളുടെ വരുമാന നഷ്ടം പരിഹരിക്കാൻ കൊണ്ടുവന്ന സെസ്സ് ഒഴിവാക്കിയതുവഴിയുള്ള സാമ്പത്തിക പ്രതിസന്ധി ഏതൊക്കെ വിധത്തിൽ സംസ്ഥാനത്തെ ബാധിക്കുമെന്നാണ് കണക്കാക്കുന്നതെന്ന് അറിയിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ; | (ബി) | 2017-ൽ ജി.എസ്.ടി. നിയമം നടപ്പിലാക്കിയപ്പോൾ നേരിട്ട നികുതി നഷ്ടം നികത്തുന്നതിലേക്കായി ഏർപ്പെടുത്തിയ കോമ്പൻസേഷൻ 2022 ജൂൺ മാസം വരെ ലഭിച്ചിരുന്നു. മുൻവർഷങ്ങളിൽ കോമ്പൻസേഷൻ ഇനത്തിൽ ലഭിച്ചുകൊണ്ടിരുന്ന തുക കിട്ടാതായതിലൂടെ സംസ്ഥാനത്തിന്റെ വരുമാനത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്. ആയത് മൂലമുണ്ടായ വരുമാനക്കുറവ് തനത് വരുമാനത്തിൽ വർദ്ധനവ് വരുത്തി പരിഹരിക്കാനാണ് ശ്രമിക്കുന്നത്. |
| (സി) | ലോട്ടറിയുടെ ജി.എസ്.ടി. നിരക്ക് ഇരുപത്തിയെട്ട് ശതമാനത്തിൽനിന്നും നാല്പത് ശതമാനമായി | (സി) | ജി.എസ്.ടി. കൗൺസിൽ 2025-ൽ ലോട്ടറിയുടെ ജി.എസ്.ടി. നിരക്ക് 28% നിന്നും 40% ആയി |

| | | | |
|---|---|---|---|
| | ഉയർത്തിയത് ഈ മേഖലയെ ഏതൊക്കെ വിധത്തിൽ ബാധിക്കുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കുമോ? | | ഉയർത്താൻ തീരുമാനിച്ചു. പ്രസ്തുത നിരക്ക് വർദ്ധനവ് ലോട്ടറി ടിക്കറ്റുകളുടെ വില, സമ്മാനത്തുക, ഏജന്റ് കമ്മീഷൻ, ലോട്ടറിയിൽ നിന്നുള്ള മൊത്തത്തിലുള്ള വരുമാനം എന്നിവയെ വളരെ പ്രതികൂലമായി ബാധിക്കുമെന്നാണ് പ്രാഥമികമായി വിലയിരുത്തിയിട്ടുള്ളത്. ആയത് പരിഹരിക്കുന്നതിനുള്ള പരമാവധി നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ